പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1178

01.07.2015 ൽ മറുപടിക്ക്

## നെൽവയൽ സംരക്ഷണ നിയമം

ചോദ്യം

ശ്രീ.കെ.രാജു :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റവന്യൂ രേഖകളിൽ ഭൂമിയുടെ തരം മാറ്റി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ ; | (എ) | റവന്യൂ രേഖകളിൽ ഭൂമിയുടെ തരം മാറ്റി നൽകുന്നതിനു നിലവിലെ നിയമങ്ങളിൽ വ്യവസ്ഥയില്ല. |
| (ബി) | നെൽവയൽ സംരക്ഷണ നിയമ പ്രകാരം ഏതെല്ലാം ഗാർഹിക ആവശ്യങ്ങൾക്കായി നിലം നികത്തുന്നതിനാണ് അനുവാദം നൽകുന്നത് ; ഇതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) | ഗാർഹികാവശ്യത്തിന് നിലം നികത്തുന്നതിന് അനുവാദം നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 സെക്ഷൻ 5, 9 എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്. അപ്രകാരം നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനുള്ള ഏതൊരപേക്ഷയും ബന്ധപ്പെട്ട പ്രാദേശികതല നിരീക്ഷണ സമിതിയുടെ കൺവീനർ മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് ചട്ടം 5-ൽ വ്യക്തമാക്കിയിട്ടുണ്ട്. സമിതിയുടെ ശുപാർശ സഹിതം പരമാവധി 60 ദിവസത്തിനകം അപേക്ഷ ജില്ലാ തല അധികൃത സമിതിയുടെ പരിഗണനയ്ക്കായി അയച്ചു കൊടുക്കേണ്ടതും ജില്ലാതല |

| | | | |
|---|---|---|---|
| | | | അധികൃത സമിതി ഒരു മാസത്തിനകം ആയതിൻമേൽ തീരുമാനമെടുക്കേണ്ടതു മാണ്. ജില്ലാതല അധികൃത സമിതിയ്ക്ക് പരിഗണനയ്ക്കയക്കുന്ന ശുപാർശകളിൽ പ്രാദേശികതല നിരീക്ഷസമിതി<br>(i) അപ്രകാരമുള്ള രൂപാന്തരപ്പെടുത്തൽ, പാരിസ്ഥിതിക വ്യവസ്ഥയേയും ചേർന്നു കിടക്കുന്ന നെൽവയലിലെ കൃഷിയേയും പ്രതികൂലമായി ബാധിക്കുകയില്ലെന്നും,<br>(ii) നെൽവയലിന്റെ ഉടമസ്ഥനോ അയാളുടെ കുടുംബത്തിനോ ഈ ആവശ്യത്തിനു പറ്റിയ സ്ഥലം പകരം ആ ജില്ലയിൽ സ്വന്തമായി ഇല്ലെന്നും,<br>(iii) കെട്ടിടം നിർമ്മിക്കുന്നത് അയാളുടെ സ്വന്തം ആവശ്യത്തിന് വേണ്ടിയാണെന്നും,<br>(iv) പ്രസ്തുത നെൽവയൽ, മറ്റു നെൽവയലുകളാൽ ചുറ്റപ്പെട്ട് സ്ഥിതി ചെയ്യുന്നതല്ലെന്നും, ശിപാർശ ചെയ്താൽ മാത്രമെ അപ്രകാരമുള്ള ഏതൊരു അപേക്ഷയും ജില്ലാതല അധികൃത സമിതി പരിഗണിക്കുവാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br>നെൽവയലിന്റെ ഉടമസ്ഥന് വീടു വയ്ക്കുന്നതിനു വേണ്ടി, പഞ്ചായത്തിൽ പത്തും മുനിസിപ്പാലിറ്റി / കോർപ്പറേഷനിൽ അഞ്ചും സെന്റിൽ കൂടുതൽ നെൽവയൽ നികത്തുന്നതിന് പ്രാദേശികതല നിരീക്ഷണ |

| | | | |
|---|---|---|---|
| | | | സമിതി ശിപാർശ ചെയ്യുവാൻ പാട്ടുള്ളതല്ല. നിയമത്തിലെ വകുപ്പ് 9(6) പ്രകാരം ജില്ലാതല അധികൃത സമിതിയുടെ തീരുമാനം മൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും തീരുമാനം കൈപ്പറ്റി മുപ്പതു ദിവസത്തിനകം കളക്ടർക്ക്, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ അപ്പീൽ നൽകാവുന്നതാണ്. |
| (സി) | പ്രസ്തുത നിയമപ്രകാരം 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ പുനലൂർ താലൂക്കിൽ ഉൾപ്പെട്ട അഞ്ചൽ വില്ലേജിന്റെ പരിധിയിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ആയത് പ്രകാരം എത്ര പേർക്ക് അനുവാദം നൽകിയെന്നും സർവ്വേ നമ്പർ, വിസ്തൃതി എന്നിവ സഹിതം വാർഷിക അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇപ്രകാരം ഗാർഹികേതര ആവശ്യങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ അഞ്ചൽ വില്ലേജിന്റെ പരിധിയിൽ ആകെ 24 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ടി 24 അപേക്ഷകർക്കും അനുമതി നൽകിയിട്ടുള്ളതുമാണെന്ന് കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുള്ള ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.<br><br>സെക്ഷൻ ഓഫീസർ |

Attention . LRA 4 1/2 9

Ref: LRA 4 - 22728/15

| | പേരും വിലാസവും (2012 13 ) | നിലനികത്താൻ അനുവദിച്ചതിന്റെ വിസ്തൃതി (സെന്റ്) | സർവ്വേ നമ്പർ |
|---|---|---|---|
| 1 | ബി.പത്മിനി,ഉഷാമന്ദിരം,തഴമേൽ | 10 സെന്റ് | 521/12 |
| 2 | മാത്യൂകുട്ടി<br>മറിയകുട്ടി,ജിജോഭവൻ,കരവാളൂർ | 10 സെന്റ് | 43/8 |
| 3 | വിനോദ്,സാരഥിമന്ദിരം,തഴമേൽ | 10 | 520/3/3 |

2013-14

| | | | |
|---|---|---|---|
| 4 | ജി.കുഞ്ഞുമോൻ,വട്ടപ്പറമ്പിൽവീട്,<br>മാവിള,അരിപ്ലാച്ചി | 10 | 24/15 |
| 5 | മനോജ്,കൃഷ്ണവിലാസം,നെടിയറ പി.ഒ ആർച്ചൽ | 9.8 | 204/4/2 |
| 6 | രാജീവ്,രാജീവ്മന്ദിരം,നെട്ടയം | 10 | 190/4/2 |
| 7 | ഹരികുമാർ.ബി,ഹരിശ്രീനിലയം,അർക്കന്നൂർ പി.ഒ,ആയൂർ | 10 | 239/16 |
| 8 | രാജശ്രീ,രാജീഭവൻ,തഴമേൽ | 8 | 484/19 |
| 9 | നദീറാബീവി,അയ്യംകുട്ടിൽവീട്,തഴമേൽ | 10 | 373/4 |
| 10 | ജി.എൽ.മഹേശ്വരൻ ആചാരി,ലക്ഷ്മിഭവൻ,ഏരൂർ | 10 | 373/4 |
| 11 | സുധീർ ,നാസർമൻസിൽ,തഴമേൽ,അഞ്ചൽ | 5 | 484/14 |
| 12 | ശശിധരൻ,സജിമൻസിൽ,ഏരൂർ,അഞ്ചൽ | 5 | 449/9-2 |
| 13 | ശൈലനാഥൻപിള്ള,പുലരി,ഏരൂർ | 4 | 265/1/2 |
| 14 | നബീസാബീവി,നാസിമമൻസിൽ,ഏരൂർ,തടിക്കാട് | 5.05 | 340/3 |
| 15 | ഹബീബ പരുവിളപുത്തൻവീട്,ഏരൂർ | 5.05 | 400/1-3 |
| 16 | ബഷീർ.എസ്,ഷജിനാബീവി,എസ്.എം.ഹൗസ്,ഏരൂർ,തടിക്കാട് | 5.05 | 385/11-2 |

2014-15

| | | | |
|---|---|---|---|
| 17 | വഹാബ്.എസ്,താഴത്തേക്കൊട്ടാരവിള പുത്തൻവീട് ഏരൂർ | 5.05 | 467/2-2-3 |
| 18 | രാജീവ്,രാജീവ്ഭവൻ,തഴമേൽ | 10 | 431/17 |
| 19 | ഷാജഹാൻ,നിഷാമൻസിൽ,തഴമേൽ | 6 | 373/4-2 |
| 20 | ജയന്തി,ഇലഞ്ഞൂർവീട്,പനയംചേരി | 6.8 | 279/2/2 |
| 21 | റാഹിലാബീവി,വടക്കേക്കരപുത്തൻവീട്,അഞ്ചൽ,ചിപ്പുവയൽ | 4.05 | 391/4-2 |

Attention LRA 4 - 22728/15 2/2

| | | | |
|---|---|---|---|
| | | | |
| 22 | അബ്ദുൾറഹ്മാൻ,കബീർമൻസിൽ,ചിപ്പുവയൽ,അഞ്ചൽ | 4.05 | 391/10-3 |
| 23 | അനി.കെ കല്ലോട്ട്പുത്തൻവീട് ആർച്ചൽ | 10 | 175/3 |
| 24 | 22സുരൈബ,കോട്ടവിളവീട്,തഴമേൽ,അഞ്ചൽ | 5.05 | 391/4-2 |

കൃഷിഓഫീസർ

കൃഷിഭവൻ ,അഞ്ചൽ